**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2655 | 18.06.2018-ൽ മറുപടിയ്ക്ക് |

## പൊതുമരാമത്ത് റോഡിന് കുറുകെ പണിയുന്ന കാന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജില്ലയിലെ കലൂർ പി.വി.എസ് ഹോസ്പിറ്റലിന് മുൻവശമുള്ള പൊതുമരാമത്ത് റോഡിന് കുറുകെ പണിയുന്ന കാനയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (എ) ടി പ്രവൃത്തിയുടെ ഭാഗമായി കെ.എസ്.ഇ.ബി.യുടെ ലൈനും, ജലവിഭവ വകുപ്പിന്റെ പൈപ്പുകളും മാറ്റി വയ്ക്കേണ്ടിയിരുന്നു. ആയതിൽ 300 mm പൈപ്പും, കെ.എസ്.ഇ.ബി.യുടെ ലൈനും മാറ്റി കിട്ടാനുള്ള താമസം മൂലം പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടു. ജലവിഭവ വകുപ്പിന്റെ 600mm പൈപ്പ് മാറ്റിയിടുന്ന ജോലി ഇനിയും പൂർത്തീകരിക്കുവാനുണ്ട്. |
| (ബി) ഈ പ്രവൃത്തിയുടെ നിർമ്മാണ കാലാവധി എന്നാണ് അവസാനിക്കുന്നത്; ഇതിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) എഗ്രിമെന്റ് പ്രകാരം നിർമ്മാണ കാലാവധി 9 മാസമാണ്. ടി പ്രവൃത്തിയുടെ കാലാവധി 31.08.2017 വരെ നീട്ടിയിരുന്നു. 3,70,91,578/- രൂപയാണ് ടി പ്രവൃത്തിയുടെ കരാർ തുക. |
| (സി) ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) ജലവിഭവ വകുപ്പിന്റെ പൈപ്പ് മാറ്റി സ്ഥാപിച്ചു കഴിഞ്ഞാൽ പ്രസ്തുത പ്രവൃത്തി മൂന്നു മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ